LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതിക്കാർക്ക് ഭവനനിർമ്മാണ ധനസഹായം

23 (*83) ശ്രീ. എസ്. ശർമ്മ :

ശ്രീ. എ. കെ. ബാലൻ :

ശ്രീ. കെ. വി. വിജയദാസ് :

ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അപേക്ഷിക്കുന്ന അർഹരായ പട്ടികജാതിക്കാർക്കെല്ലാം ഭവനനിർമ്മാണ ധനസഹായം നൽകാനായി എത്ര തുക വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ ; എത്ര തുക ഇതിനായി വകയിരുത്തിയിട്ടുണ്ട് ;

(ബി) ഭവന നിർമ്മാണ ധനസഹായ തുക വർദ്ധിപ്പിച്ചതിന് അനുസൃതമായി ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നോ ;

(സി)ഇന്ദിരാ ആവാസ് പദ്ധതി (ഐ.എ.വൈ.) പ്രകാരം അപേക്ഷിച്ചിരുന്ന പട്ടികജാതിക്കാരായ അപേക്ഷകർ ധനസഹായത്തുകയിലുള്ള അന്തരംമൂലം വ്യാപകമായി പിൻമാറുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിരുന്നോ ;

(ഡി) ഇത് പരിഹരിക്കാനായി പട്ടികജാതിക്കാരായ ഐ.എ.വൈ. ഗുണഭോക്താക്കൾക്ക് അന്തരമുള്ള തുക വകപ്പിൽനിന്നും പ്രത്യേകമായി അനുവദിക്കുവാൻ തയ്യാറാകുമോ ?

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ) :

(എ) വകുപ്പിന്റെ ഭവന നിർമ്മാണ ധനസഹായത്തിന് ഓരോ സാമ്പത്തിക വർഷത്തിലും ബഡ്ജറ്റിൽ ഭവനനിർമ്മാണ ധനസഹായ പദ്ധതിയ്ക്കായി വകയിരുത്തുന്ന ഫണ്ടിനനുസരിച്ചാണ് ഭൗതികലക്ഷ്യം നിശ്ചയിക്കുന്നത്. അപേക്ഷിക്കുന്ന അർഹരായ മുഴുവൻ പട്ടികജാതിക്കാർക്കും ഭവന നിർമ്മാണ ധനസഹായം നൽകുന്നതിനായി ആവശ്യമായ തുക കണക്കാക്കിയിട്ടില്ല.

2014-15 സാമ്പത്തിക വർഷം വകപ്പ് ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം 3000 വീടുകൾ നിർമ്മിക്കുന്നതിനായി 90 കോടി രൂപയും 2007-08 മുതൽ 2013-14 വരെ അനുവദിച്ച വീടുകളിൽ സ്പിൽ ഓവറായി അവശേഷിച്ച വീടുകൾ പൂർത്തീകരിക്കുന്നതിന് 30 കോടി രൂപ ഉൾപ്പെടെ 120 കോടി രൂപ വകയിരുത്തിയിരുന്നു.

(ബി) വകയിരുത്തിയിരുന്നു. എന്നാൽ അപേക്ഷകരുടെ എണ്ണം വർദ്ധിച്ചതിനാൽ 2014-15 വർഷത്തെ ഭൗതികലക്ഷ്യം 3000-ൽ നിന്നും 4500 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ അധികമായി വേണ്ടിവരുന്ന 10 കോടി രൂപ റീ-അപ്രോപ്രിയേഷനിലൂടെ കണ്ടെത്തിയിട്ടുണ്ട്. ഈ വർഷം പുതിയ വീടുകൾ നിർമ്മിക്കുന്നതിനും സ്പിൽ ഓവർ വീടുകൾ പൂർത്തിയാക്കുന്നതിനും ഉൾപ്പെടെ ആകെ 130 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഇക്കാര്യത്തിൽ തദ്ദേശസ്വയംഭരണ വകപ്പിന്റെ ശിപാർശ പരിശോധിച്ചുവരുന്നു. (വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം)

അക്കാഡമി ഫോർ സ്കിൽഡ് എക്സലൻസ്

24 (*84) ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അക്കാഡമി ഫോർ സ്കിൽഡ് എക്സലൻസ് സ്ഥാപിച്ചിട്ടുണ്ടോ ; പ്രസ്തുത അക്കാഡമിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന വിശദമാക്കാമോ ;

(ബി) പ്രസ്തുത സ്ഥാപനംവഴി ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയതെന്ന വ്യക്തമാക്കുമോ ;

(സി) പ്രസ്തുത അക്കാഡമി ഏതെല്ലാം തൊഴിൽ മേഖലകളിലാണ് പദ്ധതികൾ നടപ്പിലാക്കിയതെന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly